**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ് -II എന്നീ തസ്തികയിൽ 23 വർഷ യോഗ്യകാല മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചത് - അധികതുക കൈപ്പറ്റിയിട്ടുള്ളത് തിരിച്ചുപിടിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പി.ആർ.സി-എ) വകുപ്പ്**

**സ.ഉ.(എംഎസ്) നം. 556/2017/ധന തിരുവനന്തപുരം, തീയതി: 20.12.2017**

---

**ഉത്തരവ്**

വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ് -II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് 1997, 2004 എന്നീ ശമ്പള പരിഷ്ക്കരണ ഉത്തരവുകൾ പ്രകാരം 10/8, 18/16, 25/23 എന്നിങ്ങനെ യോഗ്യകാല സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് 3 സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ചിരുന്നു. എന്നാൽ 13.06.12-ലെ സ.ഉ (പ ി)നം. 339/2012/(181)/ധന ഉത്തരവ് പ്രകാരം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ്-II എന്നീ തസ്തികകളുടെ ശമ്പള സ്കെയിൽ 7990-12930 രൂപയിൽ നിന്നും 8390-13270 ആയി 01.07.04 മുതൽ മുൻകാല പ്രാബല്യത്തോടെ ഉയർത്തുകയും 01.07.04 മുതൽ 30.06.09 വരെയുള്ള ഫിക്സേഷൻ നോഷണൽ ആയിരിക്കുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ആയതിനാൽ തന്നെ ഈ കാലയളവിൽ യാതൊരു വിധ സാമ്പത്തികാനുകൂല്യങ്ങളും ടി ജീവനക്കാർക്ക് ലഭിച്ചിട്ടില്ല. 25.03.06- ലെ ജി.ഒ (പി)നം. 145/06/ധന ഉത്തരവ് പ്രകാരം 8390-13270 രൂപ പ്രവേശന തസ്തികയുടെ ശമ്പള സ്കെയിലായി വരുന്ന തസ്തികകൾക്ക് 8 വർഷത്തെയും 16 വർഷത്തെയും രണ്ട് ഗ്രേഡുകൾക്ക് മാത്രമാണ് അർഹതയുള്ളത്. 13.06.12-ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് തന്നെ 23 വർഷത്തെ മൂന്നാമത്തെ ഗ്രേഡ് വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്രക്ടർ ഗ്രേഡ്-II എന്നീ തസ്തികകളിൽ

സേവനമനുഷ്ഠിച്ച പല ജീവനക്കാർക്കും ലഭിച്ചിരുന്നു. 2009 ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചതിനും (26.02.11)ന് ശേഷമാണ് മേൽ ശമ്പള സ്കെയിൽ 01.07.2004 മുതൽ മുൻകാല പ്രാബല്യത്തോടെ പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഈ കാലയളവിനുള്ളിൽ പുതുക്കിയ ശമ്പള സ്കെയിൽ നിലവിൽ വരുന്നതിനു മുൻപു തന്നെ അന്ന് പ്രാബല്യത്തിലുണ്ടായിരുന്ന ശമ്പള സ്കെയിൽ പ്രകാരം മൂന്ന് ഗ്രേഡാനുകൂല്യം ലഭിച്ചവരുടെ ഗ്രേഡുകൾ എങ്ങനെയാണ് ക്രമീകരിക്കേണ്ടതെന്നു മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ്-II എന്നീ തസ്തികകളുടെ ശമ്പള സ്കെയിൽ 7990-12930 രൂപയിൽ നിന്നും 8390-13270 ആയി 01.07.04 മുതൽ മുൻകാല പ്രാബല്യത്തോടെ, 13.06.12-ലെ സ.ഉ(പി)നം. 339/2012/(181)/ധന ഉത്തരവ് പ്രകാരം പരിഷ്കരിക്കുന്നതിന് മുമ്പ് പ്രാബല്യത്തിലുണ്ടായിരുന്ന 7990-12930 രൂപ ശമ്പള സ്കെയിൽ പ്രകാരം 23 വർഷ യോഗ്യകാല മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചുവഴി കൈപ്പറ്റിയിട്ടുള്ള സാമ്പത്തികാനുകൂല്യം തിരിച്ചു പിടിക്കേണ്ടതില്ലായെന്നും എന്നാൽ 13.06.2012-ന് ശേഷം മൂന്നാമത്തെ ഗ്രേഡ് അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിൽ അത്തരം ജീവനക്കാരുടെ ശമ്പളം 13.06.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം ശമ്പളം ക്രമീകരിച്ചു അധികം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതു തിരിച്ചു പിടിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ലതി എസ്**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

**സെക്ഷൻ ഓഫീസർ**